# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 927/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 05/11/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-6/ 927/2022 തീയ്യതി: 05/11/2022

## പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിത അനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ ബി | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ. സജി പി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 06-07-2021 |
| ശ്രീ. മെരിസൺ മൈക്കിൾ | സെക്രട്ടറി | 07-07-2021 | 04-08-2021 |
| ശ്രീമതി കണകമണി ബി | സെക്രട്ടറി | 05-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സജി പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-12-2021 |
| ശ്രീ.നവാസ് എസ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 21-12-2021 | 09-01-2022 |
| ശ്രീമതി ഷൈനി ഇ | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2022 | 02-03-2022 |
| ശ്രീ. പ്രദീപ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 03-03-2022 | 31-03-2022 |
| ശ്രീമതി സുധർമണി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 04-07-2021 |
| ശ്രീമതി സിബി എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-07-2021 | 31-03-2022 |
| ശ്രീ. മുത്തുസ്വാമി റ്റി എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അബിതാമോൾ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ദിവ്യ എസ് കുമാർ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 09-09-2021 |
| ഡോ. ജിത എം | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 10-09-2021 | 31-03-2022 |
| ഡോ. ശാന്താറാം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 12-01-2022 |
| ഡോ. ബിമൽ കുമാർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-01-2022 | 31-03-2022 |
| ഡോ. രാജു മാത്യു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ആനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 22-04-2021 |
| ശ്രീ. അശ്വിൻചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 23-04-2021 | 24-08-2021 |
| ശ്രീ. മുഹമ്മദ് മഹദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-08-2021 | 31-03-2022 |
| ശ്രീ. ശ്രീകുമാർ വി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീ. അരുൺ ഫിലിപ്പ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2021 | 14-02-2022 |
| ശ്രീ.അജു റ്റി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-02-2022 | 31-03-2022 |
| ശ്രീ. രാജ്മോഹൻ തമ്പി | പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 05-11-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-08-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 27-08-2022)<br>Last Updated By: Johncy John (Computer Assistant, On 05-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 21-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 27-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 27-08-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 23-08-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Johncy John (Computer Assistant, On 05-11-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Muhsin Faisal (Audit Officer, On 01-09-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-10 |
| 11 | രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങൾ<br>Written By: SINDHUMOL V N (Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-11 |
| 12 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: SINDHUMOL V N (Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-12 |
| 13 | വാടക പിരിവ്<br>Written By: SINDHUMOL V N (Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-13 |
| 14 | വസ്തു നികുതി - പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് 32.14 ലക്ഷം രൂപ<br>Written By: Arun P B (Senior Grade Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-14 |
| 15 | ഉച്ചഭക്ഷണപാത്രങ്ങൾ വാങ്ങൽ -അപാകതകൾ<br>Written By: Muhsin Faisal (Audit Officer, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 05-11-2022) | 1-15 |
| 16 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 31-08-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 05-11-2022) | 1-16 |
| 17 | സ്കോളർഷിപ്പ് പരീക്ഷ പരിശീലനം-വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 31-08-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 05-11-2022) | 1-17 |

| | | |
|---|---|---|
| 18 | സമഗ്ര വിദ്യാഭ്യാസ പുരോഗതി വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 31-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-18 |
| 19 | ഇ-ടെണ്ടർഫീസ് തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-19 |
| 20 | തേനീച്ചക്കൃഷി-യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിച്ച് നൽകിയിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-20 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നില്ല, കുടിശ്ശിക അനിയന്ത്രിതമായി വർദ്ധിക്കുന്നു<br>Written By: Arun S Nair (Asst. Audit Officer, On 31-08-2022)<br>Last Updated By: Joe M James (Computer Assistant, On 26-10-2022) | 1-21 |
| 22 | കുട്ടികൾക്ക് ന്യൂസ്പേപ്പർ,മറ്റ് പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ -വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Muhsin Faisal (Audit Officer, On 31-08-2022)<br>Last Updated By: Johncy John (Computer Assistant, On 05-11-2022) | 1-22 |
| 23 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായില്ല<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 27-10-2022) | 1-23 |
| 24 | ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്നുകൾ ലഭ്യമായില്ല<br>Written By: SINDHUMOL V N (Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 27-10-2022) | 1-24 |
| 25 | ഡിമാന്റ് ചെയ്തതിനേക്കാൾ അധികം തുക ചെലവഴിച്ചു<br>Written By: Arun S Nair (Asst. Audit Officer, On 31-08-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 05-11-2022) | 1-25 |
| 26 | ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Muhsin Faisal (Audit Officer, On 01-09-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 05-11-2022) | 1-26 |
| 27 | അഗതിരഹിത കേരളം പദ്ധതി - പ്ലാൻ ഫണ്ട് 24.07 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 27-10-2022) | 1-27 |
| 28 | ശബരിമല ഫണ്ട് - വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2022)<br>Last Updated By: Joe M James (Computer Assistant, On 27-10-2022) | 1-28 |
| 29 | വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് തുക കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 01-09-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-08-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 30-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 30-08-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 27-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 27-08-2022) | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 27-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 27-08-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 27-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 27-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-08-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Arun S Nair (Asst. Audit Officer, On 22-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 31-08-2022)<br>Last Updated By: Joe M James (Computer Assistant, On 27-10-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 22-08-2022)<br>Last Updated By: Joe M James (Computer Assistant, On 04-11-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22-2-2021ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹25483426/-മുന്നിരിപ്പും, 213517446 രൂപ ആകെ വരവും ₹202630200/- ചെലവും ₹10887246/- രൂപ മിച്ചവും വരുന്നതായിരുന്ന ബജറ്റ്. 26-2-2022ലെ 3-ാംനമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനാകാര്യ പത്രിക 30.6.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (37480955/- ) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ൽ Grants From Suchitwa Mission, Grants For Specific Purposes- Total Sanitation, Contributions For Joint Venture Projects (Block, District, Village ) എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസുകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമല്ല.

3. ഷെഡ്യൂൾ ബി-5-ൽ ലോൺ തുകയുടെ ഒടുക്കാൻ അവശേഷിക്കുന്ന തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 160000/- രൂപയാണ്, എന്നാൽ വർഷാവസാനം 3262254/- രൂപയാണ് ഒടുക്കാൻ അവശേഷിക്കുന്നത്.

4. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ഓരോയിനം ഡെപ്പോസിറ്റിന്റെയും വാർഷിക സംക്ഷിപ്തമില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

6. വികസന ഫണ്ട് (ജനറൽ), റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവയിലെ ചെലവ് തുകകൾ ബന്ധപ്പെട്ട ഏ.സി.ആറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

7. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8. ലേലം, വാടക, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ്,കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38214134 |
| വരവ് | 78573538 |
| ആകെ | 116787672 |
| ചെലവ് | 72881841 |
| നീക്കിയിരിപ്പ് | 43905831 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17331373 | 17331373 | 11249102 | 6082271 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 4239200 | 4239200 | 3776995 | 462205 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 314600 | 314600 | 245000 | 69600 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8762662 | 8762662 | 1869767 | 6892895 |
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4307718 | 4307718 | 3053619 | 1254099 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9876265 | 9876265 | 8754100 | 1122165 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6900300 | 6900300 | 2778328 | 4121972 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| PYKA | 366197 | 0 | 366197 | 0 | 366197 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 29353 | 25674292 | 25703645 | 25646754 | 56891 |

## 1-5 പദ്ധതി അവലോകനം

2021-22 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 211 | 111214307 | 151 | 42721103 | 60 | 38.41 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 46 | 25 | 28563308 | 9738150 | 34.09 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 1307692 | 820000 | 62.70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 98 | 76 | 27407417 | 13807987 | 50.38 |
| കൃഷി ഓഫീസർ | 10 | 10 | 2251850 | 1188729 | 52.79 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 14 | 39188440 | 9416260 | 24.03 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 5137000 | 3399770 | 66.18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 5 | 2450000 | 1227112 | 50.09 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 700000 | 700000 | 100.00 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 0 | 400000 | 0 | 0.00 |
| പ്രഥമദ്ധ്യാപകൻ, ജി.എൽ.പി.എസ് | 8 | 8 | 565000 | 563595 | 99.75 |
| വെറ്ററിനറി സർജൻ | 5 | 5 | 2543600 | 1359500 | 53.45 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 500000 | 71.43 |
| ആകെ | 211 | 151 | 111214307 | 42721103 | 38.41 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 29353 | 580392 | 609745 | 552854 | 56891 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25093900 | 25093900 | 25093900 | 0 |
| ആകെ | 29353 | 25674292 | 25703645 | 25646754 | 56891 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2449 | 30793000 |
| വിധവാ പെൻഷൻ | 1019 | 13279400 |
| കർഷക തൊഴിലാളി പെൻഷൻ | 93 | 1233600 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 338 | 4431900 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 17 | 227200 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-8-2022,3PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 22277/-(ഇരുപത്തിരണ്ടായിരത്തി ഇരുനൂറ്റി എഴുപത്തേഴ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.ആയതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.2014-12.2.2014 | 2008-09 മുതൽ 2012-13 വരെ | 9.6.2014 |
| പെർഫോമൻസ് ഓഡിറ്റ് | 9.3.2022- 11.3.2022 | 4/2021 മുതൽ 12/2021 വരെ | 11.3.2022 |

## 1-11 രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നിന്ന് വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ബുക്ക് നം.7495, 7497,9243) .

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ബുക്ക് നം.7490,7494,7496,7497)

3.ക്യാൻസൽ ചെയ്യുന്ന രസീതുകൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല(ബുക്ക് നം.7496 )

4.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി

പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ബുക്ക് നം. നം.9244,9245,7488,7490)

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അർദ്ധവാർഷിക റിട്ടേണുകൾ, രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കാത്തലിക്ക് സിറിയൻ ബാങ്ക് | 1&11 |
| 2 | കോവൂർ ഫിനാൻസിയേഴ്സ് | I |
| 3 | മൈലാബ്രിസ് | I&II |
| 4 | ഹോട്ടൽ റാന്നി ഗേറ്റ് | I |
| 5 | ഉഷസ് ഓട്ടോ ഫ്യൂവൽസ് | I&II |
| 6 | ബതേൽ ഹോളോബ്രിക്സ് | I&II |
| 7 | സെന്റ് മേരീസ് ടയേഴ്സ് | I&II |
| 8 | നീതി മെഡിക്കൽ സ്റ്റോർ | I |
| 9 | മാർ ക്ലിമിസ് യു.പി. സ്കൂൾ , ചേത്തക്കൽ | II |
| 10 | എസ്.സി.എച്ച്.എസ്.എസ് (UP.Section) | II |
| 11 | റബർ ബോർഡ് റീജിയണൽ ഓഫീസ് | II |
| 12 | മോർ ഗാരേജ് | II |
| 13 | മാതാ സിൽക്ക് ഹൗസ് | II |
| 14 | മാർജിൻ ഫ്രീ മാർക്കറ്റ് | I&II |
| 15 | ഭാരത് ടെക്സ്റ്റൈൽസ് | II |
| 16 | മിനി ഹോം ഗാലറി | I&II |
| 17 | ബെസ്റ്റ് ബെ സൂപ്പർ മാർക്കറ്റ് | I&II |
| 18 | യമുന മോട്ടോഴ്സ് | I&II |
| 19 | ഷോപ്പ് എൻ സേവ് സൂപ്പർ മാർക്കറ്റ് | I&II |
| 20 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | II |
| 21 | പോസ്റ്റ് ഓഫീസ്, ഇടമൺ | II |
| 22 | പോസ്റ്റ് ഓഫീസ്, ചെല്ലക്കാട് | II |
| 23 | കോർപ്പറേഷൻ ബാങ്ക് ,(E-Corporation) മാമുക്ക് | II |
| 24 | വില്ലേജ് ഓഫീസ് , പഴവങ്ങാടി | II |
| 25 | ബി.എസ്.എൻ.എൽ, റാന്നി ഇടമൺ | I&II |
| 26 | ജെ&ജെ ഡിസ്ട്രിബ്യൂട്ടേഴ്സ് | I&II |
| 27 | ക്യാപ്പിറ്റൽ പ്യവർ പ്ളാസ്റ്റ് | I&II |
| 28 | കെ.സി.ജേക്കബ്&സൺസ് | I&II |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഇൻഡിഭേഡ് ഫിനാൻസിയേഴ്സ് | I |
| 2 | കാത്തലിക്ക് സിറിയൻ ബാങ്ക് | I |
| 3 | മുളമൂട്ടിൽ നിധി ലിമിറ്റഡ്, മന്നമരുതി | I |

| | | |
|---|---|---|
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് റാന്നി | II |
| 5 | മിനി മുത്തൂറ്റ് നിധി കെ.ലിമിറ്റഡ് | II |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4/25.08.22) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 വാടക പിരിവ്

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ, ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കടമുറികളിൽനിന്ന് വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

2021-22 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, അരിയർ രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതിന്റെ വിവരം ഉൾപ്പെടെ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരുടെ പേര് | കെട്ടിട നം. | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | ബാബു | HI | 2017-18 | 18619 (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 2 | സത്താർ | DI | 2017-18 | 56272 (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 3 | രാജമ്മ തങ്കപ്പൻ | BI R5 | 2017-18 | 10870 (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 4 | അനീഷ് പി.കെ | BS R NO4 | 2019-20 54300<br>2020-21 228060<br>2021-22 239460 | 521820 (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 5 | മാത്യൂ ജോസഫ് | PSCR.NO9 | 2020-21 69710<br>2021-22 87840 | 157550 (റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്) |
| 6 | അച്യുതൻ | PSC NEW NO.3 | 2020-21 56035<br>2021-22 70602 | 126637 |
| 7 | ജിത്തു പ്രകാശ് | DI | 2020-21 17500<br>2021-22 11025 | 28525 |
| 8 | ഹക്കിം ടി.എച്ച് | H2 | 2020-21 9113<br>2021-22 12967 | 22080 |
| 9 | ഉഷ പുള്ളൂരിൽ | B4R1 | 2020-21 9467<br>2021-22 5965 | 15432 |
| 10 | ഷാജി തോമസ് | PSCR NO13 | 2021-22 | 12936 |
| 11 | മത്തായി ജോർജ്ജ് | PSCRNO15 | 2021-22 | 1467 |
| 12 | അനിൽ കുമാർ | BS ROOM NO.8 | 2021-22 | 19066 |
| 13 | ബിജുമോൻ ഫ്രാൻസിസ് | C1 | 2021-22 | 2847 |

| | | | | |
|---|---|---|---|---|
| 14 | വി.ടി.ആന്റണി | C2 | 2021-22 | 2836 |
| 15 | വി.ടി.കുഞ്ഞുമോൻ | C3 | 2021-22 | 1875 |
| 16 | അലാവുദ്ദീൻ | D3 | 2021-22 | 3536 |
| 17 | ബിജുമോൻ ഫ്രാൻസിസ് | H4 | 2021-22 | 8008 |
| 18 | കെ.എ.ജോസഫ് | B1R2 | 2021-22 | 6707 |
| 19 | സലിം. | B1R3 | 2021-22 | 5668 |
| | ആകെ | | | 1022751 രൂപ |

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മറ്റ് അപാകങ്ങൾ

1) എല്ലാ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല

കടമുറികൾ വാടകയ്ക്കെടുത്ത എല്ലാ വാടകക്കാരുമായും കരാർ വച്ചിട്ടില്ല.കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. നിയമാനുസൃത കരാറിൽ ഏർപ്പെടാത്തതിനാൽ കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമപഞ്ചായത്തിന് കഴിയാതെ വരും.ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് എല്ലാ വാടകക്കാരുമായും നിയമാനുസൃതമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ സംബന്ധിച്ച രേഖകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

2) ഉപയോഗയോഗ്യമല്ലാത്ത കടമുറികൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയിൽ ഭൂരിഭാഗവും ഏറെ കാലപ്പഴക്കമുള്ളതും പൂർണ്ണമായും ഉപയോഗയോഗ്യമല്ലാത്തതുമാണ്. ബസ് സ്റ്റാൻഡിലെ 12,13 നം. കടമുറികൾ പൂർണ്ണമായും പൊളിഞ്ഞ അവസ്ഥയിലാണ്. ഇവ പുതുക്കി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുറികൾ ഉപയോഗയോഗ്യമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി അവ വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 1-14 വസ്തു നികുതി - പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് 32.14 ലക്ഷം രൂപ

ഗാർഹിക/ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിൽ 32.14 ലക്ഷം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കളക്ഷൻ റിപ്പോർട്ട് പ്രകാരം 21-22 സാമ്പത്തിക വർഷത്തെ ആകെ ഡിമാന്റ് തുകയുടെ (1,03,25,815) 68.87 ശതമാനം മാത്രമാണ് (71,11,169) പിരിച്ചെടുത്തിട്ടുള്ളത്. ലഭ്യമായ എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ സേവന പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുകയുള്ളൂ. ഇതിനായി നികുതി, ഫീസ്, വാടക മുതലായവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ച് പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുണ്ട്. ഡിമാന്റ് ചെയ്ത വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന്റെ കാരണവും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക ഈടാക്കുവാൻ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 210-ാം വകുപ്പ് പ്രകാരം സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, കുടിശ്ശികത്തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കി. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഉച്ചഭക്ഷണപാത്രങ്ങൾ വാങ്ങൽ -അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ഉച്ചഭക്ഷണപാത്രങ്ങൾ വാങ്ങൽ (പ്രൊജക്ട് നം.86/22) പ്രൊജക്ട് പ്രകാരം ഗ്യാസ് സ്റ്റൗ,അനുബന്ധ ഉപകരണങ്ങൾ, സ്റ്റീൽ കെറ്റിൽ ,അലൂമിനിയം ഉരുളി, സ്റ്റീൽ തൊട്ടി എന്നിവ വാങ്ങി വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഉപകരണങ്ങൾ | വിതരണം ചെയ്ത ഉപകരണങ്ങൾ | ബിൽനം.& തീയതി, തുക |
|---|---|---|
| GC NAMO 2BGT | GC NAMO 2BGT | 3/21-22 |

| | | |
|---|---|---|
| 13എണ്ണം | 1.N.M.L.P.S മന്ദമരുതി-1<br>2. M.DL.P.S പൂഴിക്കുന്ന് -1<br>3.ഹോളിഫാമിലി എൽ.പി.എസ്. ചേത്തക്കൽ -1<br>4.S.N.D.P.L.P.Sമുക്കാലുമൺ -1<br>5.സെൻ്റ് തോമസ് L.P.S ചെല്ലക്കാട് -1<br>6.C.M.S L.P.S പഴവങ്ങാടി -1<br>7.M.C.U.P.S.ചേത്തക്കൽ -1 | 19-11-21<br>32900/- |
| സ്റ്റീൽ കെറ്റിൽ-14<br>സ്റ്റീൽ തൊട്ടി-14<br>അലുമിനിയം ഉരുളി-14 | ഉപകരണങ്ങൾ 11എയ്ഡഡ് സ്കൂളുകൾക്കും,3 ഗവ.സ്കൂളുകൾക്കുമായി നൽകിയിരിക്കുന്നു. | |

നിർവ്വഹണത്തിലെ അപാകങ്ങൾ

1. വാങ്ങിയ ഉപകരങ്ങൾ പൂർണ്ണമായി വിതരണം ചെയ്തില്ല. അവശേഷിക്കുന്ന 6 ഉപകരണങ്ങൾ വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

2. സർക്കാർ സ്കൂളുകളിൽ മതിയായ സൌകര്യം ഉറപ്പാക്കിയ ശേഷം എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് ലഭ്യത, യൂറിനൽ സൌകര്യങ്ങൾ എന്നിവ ഒരുക്കാൻ മാത്രമാണ് സർക്കാർ നിർദ്ദേശമുള്ളത്. എയ്ഡഡ് സ്കൂളുകളിൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/23.08.2022) ആവശ്യമായ വിവരങ്ങൾ ഹാജരാക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രൊജക്ട് സംബന്ധമായ പൂർണ്ണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-വിവരങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ ഗവ. എൽ.പി.സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗവ.എൽ.പി.സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനായി തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽനം&തീയതി | തുക |
|---|---|
| 5/21-22,27-12-21 | 35260/- |
| 9/21-22,29-1-22, | 39600/- |
| ആകെ | 74860/- |

എന്നാൽ പദ്ധതി സംബന്ധിച്ച് ക്വട്ടേഷൻ വിവരങ്ങൾ,ഗുണഭോക്താക്കളായ കുട്ടികളുടെ സ്കൂൾ തിരിച്ചുള്ള ഹാജർ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/23.08.2022 ) ആവശ്യമായ വിവരങ്ങൾ ഹാജരാക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രൊജക്ട് സംബന്ധമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 സ്കോളർഷിപ്പ് പരീക്ഷ പരിശീലനം-വിവരങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എൽ.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം പ്രൊജക്ടിനുവേണ്ടി ചുവടെ ചേർത്തിരിക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| തുക | ബിൽനം&തീയതി | ചെലവ് വിവരം |
|---|---|---|
| 10200 | 14/21-22, 23-3-22 | പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് ചായയും,ലഘുഭക്ഷണവും നൽകിയത് |
| 24800 | 20/21-22, 27-3-22 | പരിശീലകർക്ക് ഹോണറേറിയം നൽകിയത് |
| ആകെ--35000 | | |

ഇതുമായി ബന്ധപ്പെട്ട് പരിശീലനം നടന്ന തീയതി, സ്ഥലം, പരിശീലകരുടെ ഹാജർ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. ജോർജ് തോമസ് എന്ന അധ്യാപകന് 6800 രൂപ നൽകിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/23.08.22) ആവശ്യമായ വിവരങ്ങൾ ഹാജരാക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് മേൽവിവരിച്ച രേഖകൾ

ലഭ്യമാക്കേണ്ടതാണ്.

## 1-18 സമഗ്ര വിദ്യാഭ്യാസ പുരോഗതി വിവരങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര വിദ്യാഭ്യാസ പുരോഗതി (32/22) പ്രോജക്ട് പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചുവടെ ചേർത്തിരിക്കുന്നരീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | വിതരണം ചെയ്ത സ്ഥാപനം | ബിൽനം &തീയതി തുക |
|---|---|---|
| 5ലി. സ്പ്രെയർ- 15എണ്ണം (15x800=12000) | റെയ്ഡ്കോ തിരുവല്ല | 1/21-22,18-11-21 12000 രൂപ |
| സോഡിയം ഹൈപ്പോ 5ലി. 15എണ്ണം (520x15=7800) | മെഡിപാർക്ക് സർജിക്കൽസ് പത്തനംതിട്ട | 2/21-22,18-11-21 7800 രൂപ |
| സാനിറ്റൈസർ 500ml 42എണ്ണം (130X42=5460) | മെഡിപാർക്ക് സർജിക്കൽസ് പത്തനംതിട്ട | 4/21-22,18-11-21 31360 രൂപ |
| ഗ്ലൌസ് 1400എണ്ണം (14X500=7000) | | |
| മാസ്ക് 1400എണ്ണം (14X370=5180) | | |
| പൾസ് ഓക്സി മീറ്റർ 14എണ്ണം (14X980=13720) | | |
| കോട്ടൺമാസ്ക് 1000എണ്ണം (1000X5=5000) | വി.എസ്.ജയശ്രീ | 12/21-22,23-3-22 5000 രൂപ |

ലഭ്യമായ രേഖകൾ പ്രകാരം വിവിധ സ്കൂളുകൾക്ക് നൽകിയ ഉപകരണങ്ങളുടെ വിതരണവിവരം ചുവടെ ചേർക്കുന്നു.

| സ്കൂൾ | സ്പ്രേയർ | പൾസ് ഓക്സിമീറ്റർ | മാസ്ക് | ഗ്ലൌസ് | സോഡിയം ഹൈപ്പോ | സാനിറ്റൈസർ |
|---|---|---|---|---|---|---|
| C.m.s.l.p.s പഴവങ്ങാടി | 1 | 1 | 100 | 100 | 5LTR | 3botl |
| M.D.L.P.Sപൂഴിക്കുന്ന് | 1 | 1 | 100 | 100 | 5LTR | 3botl |
| G.L.P.Sമക്കപ്പുഴ | 1 | 1 | 100 | 100 | 5LTR | 3botl |
| N.M.L.P.Sമന്ദമരുതി | 1 | 1 | 100 | 100 | 5LTR | 3botl |
| G.U.P.Sറാന്നി | 1 | 1 | -- | -- | -- | 3botl |
| S.N.D.P.L.P.S | 1 | 1 | 100 | 100 | 5LTR | 3botl |
| G.L.P.S. കരികുളം | 1 | 1 | -- | -- | -- | -- |
| M.C.U.P.Sചേത്തക്കൽ | 1 | 1 | -- | -- | -- | 3botl |
| N.S.S .H.S മക്കപ്പുഴ | 1 | -- | -- | -- | -- | -- |
| സെന്റ് തോമസ്.L.P.S. ചെല്ലക്കാട് | 1 | 1 | 100 | 100 | 5 | 3 |
| TOTAL | 9 | 9 | 600 | 600 | 30 | 24 |

അവശേഷിക്കുന്നവയുടെ വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല.സർക്കാർ സ്കൂളുകളിൽ മതിയായ സൌകര്യം ഉറപ്പാക്കിയ ശേഷം എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ്, ജലലഭ്യത, യൂറിനൽ സൌകര്യങ്ങൾ എന്നിവ ഒരുക്കാൻ മാത്രമാണ് സർക്കാർ നിർദ്ദേശമുള്ളത്. എയ്ഡഡ് സ്കൂളുകളിൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) ആവശ്യമായ വിവരങ്ങൾ ഹാജരാക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രോജക്ട് നിർവ്വഹണത്തിലെ മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർഫീസ് തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഇ ടെണ്ടർ ഫീസ് പിരിക്കുന്നതിന്റെ ആവശ്യത്തിലേക്കായി അസി.എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൌണ്ട് തുടങ്ങണമെന്ന് 2-10-2017-ലെ ജി.ഒ(എം.എസ്)3186/2017/LSGD പ്രകാരം

നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അക്കൌണ്ട് തുടങ്ങിയിട്ടില്ല. അസി.എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2021-22വർഷം വരെ ഗ്രാമപഞ്ചായത്തിലെ ഇ-ടെണ്ടർ ഫീസിനത്തിൽ 121058/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ എത്തിയിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് പിരിവിനായി എ.ഇ.യുടെ പേരിൽ പ്രത്യേകം അക്കൌണ്ട് തുടങ്ങേണ്ടതും പ്രസ്തുത ഇനത്തിൽ ഇ.ഇയുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്ന തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 തേനീച്ചകൃഷി-യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിച്ച് നൽകിയിട്ടില്ല

തേനീച്ചകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ (SO 27/22) ഭാഗമായി 36 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രിയദർശിനി ചാരിറ്റബിൾ സൊസൈറ്റി, പേഴുംപാറ എന്ന സ്ഥാപനത്തിൽ നിന്ന് 58 യൂണിറ്റ് തേനീച്ചക്കൂടുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. യൂണിറ്റ് ഒന്നിന് 3000 രൂപ വെച്ച് 1,74,000 രൂപയാണ് ആകെ വില. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60% തുകയാണ് (1,04,400 രൂപ, ബിൽ നം.02/19.01.22, 13/26.02.22) വികസനഫണ്ടിൽ നിന്ന് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. യൂണിറ്റ് ഒന്നിന് 3000 രൂപയാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്. ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങളും ഉൾപ്പെടുന്ന യൂണിറ്റിന്റെ വില ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണെന്ന് (സബ്സിഡി മാർഗ്ഗരേഖ ഇനം 3.1) നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നൽകിയിട്ടില്ലായെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ സ്ഥാപനം ഡിമാന്റ് ചെയ്ത തുകയുടെ 60% സബ്സിഡിയായി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ നിശ്ചയിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുമ്പോൾ, നിശ്ചയിച്ച് നല്കിയിട്ടുള്ള യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി കണക്കാക്കി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്ഥാപനം ഡിമാന്റ് ചെയ്യുന്ന യൂണിറ്റ് നിരക്കിനെ അടിസ്ഥാനമാക്കി ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ച നൽകുന്ന സാഹചര്യം ഉണ്ടാകും. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നില്ല, കുടിശ്ശിക അനിയന്ത്രിതമായി വർദ്ധിക്കുന്നു

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിലവിൽ 220 പൊതുടാപ്പുകളുണ്ട്. ഇതിന്റെ പ്രതിമാസ വെള്ളക്കരം 106113/- രൂപയാണ്. എന്നാൽ, 2021 ജൂലൈ മാസം മുതൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല. ഓഗസ്റ്റ് 2022-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.7.2022 വരെ കടിശ്ശികയിനത്തിൽ 4468693/- രൂപയും, ഫൈൻ ഇനത്തിൽ 87695/- രൂപയും പഞ്ചായത്തിന് ബാദ്ധ്യതയുണ്ടായിട്ടുണ്ട്. തുക ഒടുക്കാത്തത് സംബന്ധിച്ച എൻക്വയറിയ്ക്ക് (7/29.8.2022) മറുപടിയായി 2018,2019 വർഷങ്ങളിലെ പ്രളയവും തുടർന്ന് പുനലൂർ മൂവാറ്റുപുഴ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടും ഏകദേശം മൂന്ന് വർഷമായി പൊതുടാപ്പുകളിൽ വലിയൊരു പങ്കും പ്രവർത്തനരഹിതമാണെന്ന് അറിയിച്ചു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെയാണ് ഏകപക്ഷീയമായി 2021 ജൂലൈ മാസം മുതൽ വെള്ളക്കരം ഒടുക്കു വരുത്തുന്നത് നിർത്തിയത്.

ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുവാൻ പഞ്ചായത്ത് നിരവധി തവണ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 17.6.2022-ൽ പരിശോധന നടത്തിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. മുൻ കാലങ്ങളിൽ മുതലുള്ള കുടിശ്ശികയും പ്രതിമാസ വെള്ളക്കര ചാർജ്ജ് (5.11.2014-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 1180906/- രൂപ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട്) സംബന്ധിച്ചും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്കും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും 10.5.2022-ലെ 15(2) നമ്പർ തീരുമാനം സഹിതം കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാത്ത പക്ഷം പഞ്ചായത്തിന് വൻ തുക ബാദ്ധ്യത വരാൻ സാദ്ധ്യതയുണ്ട്.

## 1-22 കുട്ടികൾക്ക് ന്യൂസ്പേപ്പർ,മറ്റ് പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ -വിവരങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ സ്കൂളുകളിൽ പ്രസിദ്ധീകരണങ്ങൾ നൽകുന്നതിനായി പ്രൊജക്റ്റ് ആസൂത്രണം ചെയ്യുകയും പ്രസിദ്ധീകരണങ്ങൾക്കായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ വിവിധ സ്ഥാപനങ്ങളിൽ തുക ഒടുക്കിയിട്ടുമുണ്ട്.

| തുക | ബിൽനം&തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 16160 | 8/21-22,29-1-22 | പൂർണ്ണ പബ്ലിക്കേഷൻസ് | ഒന്നുമുതൽ നാലു വരെയുള്ള ക്ലാസ്സുകളിലെ സക്സസ് മാസ്റ്റർ എന്ന പ്രസിദ്ധീകരണം മൂന്നു ടേമുകളിലേക്കുമുള്ളത് 11എണ്ണം വീതം |

| | | | |
|---|---|---|---|
| | | | 5മുതൽ7 വരെയുള്ള ക്ലാസ്സുകളിലെ സക്സസ് മാസ്റ്റർ എന്ന പ്രസിദ്ധീകരണം മൂന്ന ടേമുകളിലേക്കുമുള്ളത് 3എണ്ണം വീതം |
| 4200 | | ശാസ്ത്രസാഹിത്യ പരിഷത്ത് | യുറീക്കാ മാസിക ഒരുവർഷത്തേക്ക് 14എണ്ണം വീതം |
| 600 | | | ശാസ്ത്രകേരളം ഒരുവർഷത്തേക്ക് 3എണ്ണം വീതം |
| 10500 | 8/21-22,25-1-22 | എം.എം പബ്ലിക്കേഷൻസ് | ബാലരമ ഒരുവർഷത്തേയ്ക്ക് 14എണ്ണം വീതം |
| 3500 | | | ബാലരമ ഡൈജസ്റ്റ് ഒരുവർഷത്തേയ്ക്ക് 7എണ്ണം വീതം |

എന്നാൽ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെ സ്കൂളിനുവേണ്ടിയാണ് വാങ്ങിയത്,അവ ലഭിച്ച വിവരം, സ്കൂളുകളിൽ കൈപ്പറ്റിയ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം പൂർത്തിയായില്ല

റാന്നിപഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ ആധുനിക അറവുശാല, ബസ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ എന്നിവയ്ക്ക് സമീപത്തായി ഓരോ കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷൻ ഗ്രാന്റ്, തനത്ഫണ്ട് എന്നിവ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം 1755000 രൂപ അടങ്കൽ നിശ്ചയിച്ച് പ്രൊജക്ട് ആസൂത്രണം ചെയ്യുകയും ടെണ്ടർ നടപടികളിലൂടെ 8.3% കുറവ് രേഖപ്പെടുത്തിയ സൺടെക്ക് ബയോഗ്യാസ് സർവ്വീസ് പ്രൊവൈഡർ എന്ന സ്ഥാപനത്തിന് നിർവ്വഹണച്ചുമതല നൽകുകയും ചെയ്തു. കരാറുകാരന് 2-1-2014-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. എംബുക്ക് പ്രകാരം ഇതുവരെ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1179280/-രൂപയാണ്. 31-3-2022 വരെ 991106/- രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ പ്രൊജക്ട് പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. 2013-14-ൽ ആവിഷ്കരിച്ച പ്രൊജക്ട് 8 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത അവസ്ഥയിലാണ്. കാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയതായും കാണുന്നില്ല. പ്രൊജക്ട് പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, തുടർന്നുവരുന്ന ചെലവുകളിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിനും പ്രൊജക്ട് പൂർത്തീകരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-24 ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ആയുർവേദം എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി വിവിധ മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങളിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നം, നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ/തീയതി/തുക | ലഭ്യമായ മരുന്ന് | ലഭിക്കാൻഅവശേഷിക്കുന്ന മരുന്ന് |
|---|---|---|---|
| ആരോഗ്യ സ്ഥാപനത്തിലേക്ക് മരുന്നു വാങ്ങൽ<br>S0063/22<br>മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 21050452014000398514<br>11.09.2021<br>500000 രൂപ | - | 500000രൂപ |
| സാന്ത്വന പരിചരണം<br>S0059/22<br>മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 21050452014000398515<br>11.09.2021<br>225000 രൂപ | 89278രൂപ | 135722രൂപ |
| S0020/22<br>ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 21050452014100829885<br>21/12/2021<br>500000 രൂപ<br>21050452014101240779<br>3/3/2022 | 6,63,470 | 36,530 |

| | | | |
|---|---|---|---|
| | 200000 രൂപ | | |

രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് ഏറ്റവും അവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും തുടർനടപടികൾ സ്വീകരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-25 ഡിമാന്റ് ചെയ്തതിനേക്കാൾ അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.എസ്.എ വിഹിതം നൽകൽ (2/22) |
| വകയിരുത്തൽ | 1050000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ട്രഷറി ബിൽ നം. 21050452013500424246/18.9.2021 – 700000/-<br>ട്രഷറി ബിൽ നം. 21050452013501470447/25.3.2022 - 350000/- |

സെക്രട്ടറി നിർവ്വഹിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം സമഗ്ര ശിക്ഷ കേരളം പദ്ധതിയ്ക്ക് ജില്ലാ മിഷൻ സമർപ്പിച്ച പ്ലാൻ പ്രകാരം 2397453/- രൂപയുടെ ആകെ ചെലവിന്റെ 40% തുകയായ 958981/- രൂപ പഞ്ചായത്ത് വിഹിതമായി ഒടുക്കേണ്ടതായിരുന്നു. ആയതിൻ പ്രകാരം 18.9.2021-ൽ 700000/- രൂപ പഞ്ചായത്ത് ഒടുക്കി. എന്നാൽ, 23.2.2022-ൽ റാന്നി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ നിന്നുമുള്ള കത്ത് പ്രകാരം 350000/- രൂപ കൂടി ഒടുക്കണം എന്ന് നിർദ്ദേശം ലഭിച്ചു. യഥാർത്ഥ പ്ലാൻ പ്രകാരം 258981/- രൂപ മാത്രം അടയ്ക്കേണ്ടതിന് പകരം റിവൈസഡ് പ്ലാനില്ലാതെ 350000/- രൂപ ഒടുക്കിയതിനെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം അടച്ച തുക തുടർ വർഷത്തിലെ തുകയിൽ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-26 ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷം ആരംഭിച്ച ക്രിമറ്റോറിയം നിർമ്മാണം നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. റാന്നി, റാന്നി അങ്ങാടി, റാന്നി പഴവങ്ങാടി, ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർമ്മിക്കുന്ന ക്രിമറ്റോറിയത്തിന്റെ നിർവ്വഹണച്ചുമതല അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡിനായിരുന്നു. പ്രൊജക്ടിനുവേണ്ടി നാളിതുവരെയായി 4200000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് പ്രകാരം കെട്ടിട നിർമ്മാണം, ഫർണ്ണസ് സ്ഥാപിക്കൽ, ചിമ്മിനി സ്ഥാപിക്കൽ, വാട്ടർ ടാങ്ക് നിർമ്മാണം അപ്രോച്ച് റോഡ് നിർമ്മാണം, ഇലക്ട്രിക്കൽ പ്ലംബിംഗ് ജോലികൾ, ജനറേറ്റർ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബ്ലോവർ ഇൻസ്റ്റലേഷൻ, ഗ്യാസ് പൈപ്പ് ഇൻസ്റ്റലേഷൻ, പെയിന്റിംഗ്, ബ്ലാസ്റ്റ് ഫർണസും ചിമ്മിനിയും തമ്മിലുള്ള കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നതായും ഓഡിറ്റ് എൻക്വയറി(9)ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പങ്കാളിത്ത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | തുക |
|---|---|
| റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | 1640000 |
| റാന്നി ഗ്രാമപഞ്ചായത്ത് | 2000000 |
| ചെറുകോൽ ഗ്രാമപഞ്ചായത്ത് | 2000000 |
| ആകെ | 5640000 |

പ്രൊജക്ടുമായി ബന്ധപ്പെട്ട കരാർ പ്രകാരം പങ്കാളിത്ത സ്ഥാപനങ്ങൾ തുല്യമായി വിഹിതം നൽകാനാണ് തീരുമാനമുള്ളത്. ആയതിനാൽ പ്രൊജക്ടിൽ പങ്കാളികളായ സ്ഥാപനങ്ങളിൽ നിന്നും തുല്യനിരക്കിൽ വിഹിതം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ത്രീഫേസ് ഇലക്ട്രിക്കൽ കണക്ഷൻ, വാട്ടർ കണക്ഷൻ, LPG കണക്ഷൻ എന്നിവ ലഭ്യമാക്കേണ്ടതും പ്രൊജക്ട് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനു വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-27 അഗതിരഹിത കേരളം പദ്ധതി - പ്ലാൻ ഫണ്ട് 24.07 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയായ അഗതിരഹിത കേരളം പദ്ധതിയ്ക്ക് 10.03.2019-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. 173 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയ്ക്കായി 2,12,24,700 രൂപയാണ് ആകെ തുക വകയിരുത്തിയിരിക്കുന്നത്.

പദ്ധതിയ്ക്കായി 19-20 മുതൽ 21-22 വരെ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് |
|---|---|---|
| മുൻ ബാക്കി | 0 | 17,20,000 |
| ലഭ്യമായത് | 20,52,462 | 6,87,772 |
| ആകെ | 20,52,462 | 24,07,772 |
| ചെലവ് | 17,13,087 | 0 |
| ബാലൻസ് | 3,39,375 | 24,07,772 |

അംഗീകാരം ലഭിച്ച അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി അഗതി കുടുംബങ്ങൾക്ക് ഭക്ഷണ വിതരണം മാത്രമാണ് നടക്കുന്നത്. ചലഞ്ച് ഫണ്ട് ചെലവഴിച്ചിട്ടുള്ളത് ഈ ആവശ്യത്തിനായാണ്. ആശ്രയ ഒന്നും രണ്ടും പദ്ധതിയുടെ ഭാഗമായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച പ്ലാൻ ഫണ്ട് 17,20,000 രൂപയും അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി 19-20, 20-21 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച 6,87,772 രൂപയും അടക്കം ആകെ പ്ലാൻ ഫണ്ട് 24,07,772 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

പദ്ധതിയിലെ പരിചരണ സേവനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം വകയിരുത്തുന്ന പ്ലാൻ ഫണ്ട്, അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ തുടങ്ങി ചലഞ്ച് ഫണ്ടിൽ നിന്ന് ചെലവഴിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കൊഴികെ മറ്റെല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാവുന്നതാണ് എന്നിരിക്കെ ആശ്രയ, അഗതിരഹിത കേരളം പദ്ധതികളുടെ ഭാഗമായി ലഭ്യമായ പ്ലാൻ ഫണ്ടിനത്തിൽ 24.07 ലക്ഷം രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മുടങ്ങിക്കിടക്കുന്ന ഫണ്ട് ചെലവഴിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ശബരിമല ഫണ്ട് - വിനിയോഗം

ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ശബരിമല സ്പെഷ്യൽ ഫണ്ട് നൽകുന്നത്. ആയതിന്റെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| 2012-13 | 0 | 500000 | 500000 | 68808 | 431192 |
| 2013-14 | 431192 | 500000 | 931192 | 0 | 931192 |
| 2014-15 | 931192 | 500000 | 1431192 | 114824 | 1316368 |
| 2015-16 | 1316368 | 500000 | 1816368 | 92040 | 1724328 |
| 2016-17 | 1724328 | 500000 | 2224328 | 60805 | 2163523 |
| 2017-18 | 2163523 | 500000 | 2663523 | 479980 | 2183543 |
| 2018-19 | 2183543 | 500000 | 2683543 | 197577 | 2485966 |
| 2019-20 | 2485966 | 500000 | 2985966 | 0 | 2985966 |
| 2020-21 | 2985966 | 1500000 | 4485966 | 116000 | 4369966 |
| 2021-22 | 4369966 | 1500000 | 5869966 | 51600 | 5818366 |

2021-22 സാമ്പത്തിക വർഷം ശബരിമല ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 51600/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ചെലവഴിക്കുന്ന തുക തീർത്ഥാടകരുടെ ക്ഷേമത്തിന് പ്രയോജനപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കാര്യമായ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ശബരിമല തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും ഇവയുടെ കൃത്യമായും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഭരണ സമിതിയംഗങ്ങളും ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ച് ഫണ്ട് വിനിയോഗം കൃത്യമായി മോണിട്ടർ

ചെയ്യേണ്ടതുമാണ്.

വർഷാവസാനം (31.3.2022-ന്) ഫണ്ടിനത്തിൽ 5818366രൂപ അവശേഷിക്കുന്നുണ്ട്. നിലവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് കാരണം പ്രസ്തുത ഫണ്ട് പഞ്ചായത്തിന്റെ മറ്റ് അവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ സാദ്ധ്യതയുള്ളതിനാൽ ഇതിനായി സെക്രട്ടറിയുടെ പേരിൽ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 1-29 വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് തുക കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച പൊതുവിഭാഗം (പ്രോ.നം. 42/22) ഗുണഭോക്താക്കൾക്ക് പരമാവധി 40,000 രൂപയും പട്ടികജാതി വിഭാഗം (പ്രോ.നം. 43/22) ഗുണഭോക്താക്കൾക്ക് പരമാവധി 75,000 രൂപയുമാണ് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി അനുവദിച്ച് നൽകിയത്. എന്നാൽ ഈ രണ്ട് പദ്ധതികളുടെ ഭാഗമായി അഡ്വാൻസ് തുക കൈപ്പറ്റിയ ചുവടെ ചേർക്കുന്നവർ പണി പൂർത്തീകരിച്ച് അവസാന ഗഡു തുക നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | എം.സി.തങ്കച്ചൻ, ഈട്ടിക്കൽ, കരികുളം | 15000<br>ബിൽ നം. 52/20.10.21 |
| 2 | അനിയൻ, പാറയിൽ, ചെല്ലക്കാട്ട് | 15000<br>ബിൽ നം. 63/27.10.21 |
| 3 | സാജൻ, പള്ളിത്താഴത്തിൽ, പഴവങ്ങാടി | 15000<br>ബിൽ നം. 100/24.11.21 |
| 4 | ശോശാമ്മ ജോസഫ്, നെല്ലിക്കാക്കുഴിയിൽ, കക്കുടുമൺ | 15000<br>ബിൽ നം. 133/22.12.21 |
| 5 | ജേക്കബ് പോൾ, കുളമടയിൽ വീട്, പഴവങ്ങാടി | 15000<br>ബിൽ നം. 283/16.03.22 |
| 6 | സണ്ണ ബേബിക്കുട്ടൻ, മൈലക്കുളത്ത്, ചേത്തയ്ക്കൽ | 37500<br>ബിൽ നം. 154/12.01.22 |
| 7 | വിനോദ് എം.കെ, മരോട്ടിയ്ക്കൽ, കരികുളം | 37500<br>ബിൽ നം. 64/27.10.21 |

ടി ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കി. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണമാണ് ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്നും പ്രസ്തുത പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ടെന്നും പണി പൂർത്തീകരിച്ച് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കി. അഡ്വാൻസ് തുക കൈപ്പറ്റിയ ടി ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | ഇടവിളകൃഷി കിഴങ്ങുവർഗ്ഗ് വിത്ത് വിതരണം | 200000 | 0 |
| | 360000 | ലൈഫ് മിഷൻ (പട്ടികജാതി) | 360000 | 0 |
| | 146627 | അംഗൻവാടി പോഷകാഹാര പദ്ധതി | 146627 | 0 |
| | 250000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 181046 | അംഗൻവാടി പോഷകാഹാര പദ്ധതി | 181046 | 0 |
| | 99600 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 99600 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം | 21050452013501361254/7.2.2022 | 195033/- | 0 | 195033/- |
| വൈദ്യുതി ബോർഡ് | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 21050452013501361697/17.3.2022 | 300000/- | 0 | 300000/- |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21050452013501360117/3.2.2022-1149985/-<br>21050452013501360143/7.2.2022-44250/-<br>21050452013501360181/9.2.2022-59768/-<br>21050452013501360254/3.3.2022-445997/- | 1700000/- | 0 | 1700000/- |
| വാട്ടർ അതോറിറ്റി | 12 വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | 21050452013501362897/17.3.2022 | 1200000/- | 0 | 1200000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി *സ.ഉ (കൈ.) 68/2018 /തസ്വഭവ തീയതി 18.5.2018* | 5066254 | 4039587 | 777333 | 0 | 3262254 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2-14 | 2006-07 | | ബി ഫണ്ട് ചെലവ് രേഖകൾഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 2-24 | 2006-07 | | തനത് ഫണ്ട് ചെലവ് രേഖകൾ ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-8 | 2016-17 | അനുബന്ധം 2 | വസ്തു നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 3-1 | 2017-18 | 1.3.4 | ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് വൻ ബാദ്ധ്യത ഉണ്ടാക്കി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116787672 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72881841 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/340/98 തീയതി 10.2.1999 | 2-8,2-9 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ. പി4/90/04/10.08.04 /14.01.2005 | 1 1-15 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി4/81 /06/08.08.2006/07.07.2007 | 2 2-14, 2-18 |
| 2001-02 (ജ.ആ ഒഴികെയുള്ള ചെലവ്) | എൽ.എഫ്.പിറ്റിഎ/പി4/82/06 തീയതി 31.8.2006 | 3 2-12, 2-16, 2-24 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി5/360/09 തീയതി 4.7.2010/ 22.3.2011 | 3 3-3, 3-9, 3-10 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി8/944/10 തീയതി 24.6.2011/ 29.7.2011 | 3 2-1, 3-2, 3-8 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി8/945/10 തീയതി 24.6.2011/ 29.7.2011 | 3 3-1, 3-2, 3-3 |
| 2006-07 | എൽ.എഫ്.പിറ്റിഎ/പി6/571/12 തീയതി 6.7.2012/ 4.7.2013 | 4 3-5, 3-9, 3-10, 3-11 |
| 2007-08 | എൽ.എഫ്.പിറ്റിഎ/പി6/567/12 തീയതി 3.9.2012/ 4.7.2013 | 6 3-1, 3-2, 3-3, 3-4, 3-5, 3-11 |
| 2009-10 | എൽ.എഫ്.പിറ്റിഎ/പി6/569/12 തീയതി 1.8.2012/ 4.7.2013 | 2 3-1, 3-7 |
| 2011-12 & 2012-13 | എൽ.എഫ്.പിറ്റിഎ/പി6/411/14 തീയതി 7.6.2014/ 4.6.2015 | 3 2-5, 3-7, 3-8 |
| 2013-14 & 2014-15 | എൽ.എഫ്.പിറ്റിഎ/പി6/166/16 തീയതി 16.3.2016 | 11 3-1, 3-2, 3-3, 3-6, 3-7, 3-9, 3-10(2)എ,ബി, 3-10 (2) സി, 3-12, 3-13, 3-14 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി6/1211/16 തീയതി 21.11.2016 | 9 2-2(3), 2-2(4), 2-9, 3-2, 3-3, 3-4, 3-6, 3-11 |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി6/1109/17 തീയതി 16.09.2017/ 21.11.2017 | 7 2-1, 2-4, 2-5, 3-1, 3-7, 3-10, 3-13 |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി6/266/19 തീയതി 18.5.2019 | 16 2-2(എ, സി), 2-4, 2-7, 2-8, 3-1, 3-2, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി6/711/19 തീയതി 22.5.2020 | 20 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.പിറ്റിഎ. പി6/239/22 തീയതി 11.3.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ. പി10/240/22 തീയതി 16.3.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്